കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക

113 (711) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പൊതുമരാമത്ത് ജോലികൾ നടത്തിയ വകയിൽ കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണ് ;

(ബി) ഏത് വർഷം വരെയുള്ള കുടിശ്ശികകൾ കൊടുത്തു തീർത്തു ; ഇനിയും എത്ര വർഷത്തെ ബില്ലുകൾ കുടിശ്ശികയായിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ മരാമത്ത് പണികൾ പൂർത്തികരിച്ച വകയിൽ കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) റോഡു വിഭാഗത്തിൽ 31-12-2000-ലെ കണക്കനുസരിച്ച് 614.09 കോടി രൂപയുടെയും കെട്ടിട വിഭാഗത്തിൽ 31-1-2001-ലെ കണക്കനുസരിച്ച് 100.71 കോടി രൂപയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുണ്ട്. മറ്റു വിഭാഗങ്ങളിലെ കണക്ക് ശേഖരിച്ചു വരുന്നു.

(ബി) റോഡു വിഭാഗത്തിൽ 31-3-99 വരെയുള്ള കുടിശ്ശികയിൽ 8.66 കോടി രൂപ ഒഴികെയുള്ള തുക മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ട്.. 31-3-99 ന് ശേഷമുള്ള ബില്ലുകൾ ഇനിയും കുടിശ്ശികയായിട്ടുണ്ട്. കെട്ടിട വിഭാഗത്തിൽ 31-3-99 വരെയുള്ള ബില്ലുകൾ കൊടുത്തു തീർത്തു. 4/99 മുതലുള്ള ബില്ലുകൾ കുടിശ്ശികയായിട്ടുണ്ട്. മറ്റു വിഭാഗങ്ങളിലെ വിവരം ശേഖരിച്ചു വരുന്നു.

(സി) 31-3-1999 വരെയുള്ള കുടിശ്ശിക വകയിൽ 150 കോടി രൂപ കൊടുത്തു തീർക്കുവാൻ ബഹു: ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കോടതിയുത്തരവിന്റെ പകർപ്പ് ഹാജരാക്കുന്നു.*

പി. ഡബ്ലിയു.ഡി കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക

120 (712) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജനുവരി 31 വരെ പി.ഡബ്ലിയു.ഡി. വിഭാഗത്തിൽ ഓരോ ജില്ലയിലും കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണ് ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly